LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്. കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ സർക്കാരിന്റെ ടെണ്ടറുകളിൽ പങ്കെടുക്കുവാൻ പ്രീ-ക്വാളിഫൈ ചെയ്തിട്ടുണ്ട്. 18-8-1998-ലെ സർക്കാർ ഉത്തരവ് പ്രകാരം ഇ.എം.ഡി., സെക്യൂരിറ്റി ഡെപ്പോസിറ്റ് എന്നിവ അടയ്ക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. 'എ' ക്ലാസ്സ് കോൺട്രാക്ടറായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുപുറമേ, മറ്റ് കരാറുകാരിൽനിന്നും 10% അധിക നിരക്കിൽ കേരളാ സ്റ്റേറ്റ് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡ് ടെണ്ടർ സമർപ്പിച്ചാൽ പ്രസ്തുത കരാർ പരിഗണിക്കാനും വ്യവസ്ഥ ചെയ്തിരുന്നു. എന്നാൽ 13-1-2015 മുതൽ ഈ ആനുകൂല്യം നിർത്തൽ ചെയ്തു.

(ബി&സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) ടെണ്ടറുകളിൽ കരാറുകാർ പങ്കെടുക്കാത്ത കേസ്സുകളിലും പ്രവൃത്തികളുടെ സമയബന്ധിതമായ പൂർത്തീകരണം കണക്കിലെടുത്തും സർക്കാർ നേരിട്ട് കൺസ്ട്രക്ഷൻ കോർപ്പറേഷൻ ലിമിറ്റഡിനെ വർക്കുകൾ ഏൽപ്പിക്കാറുണ്ട്. ഇത്തരം വർക്കുകൾ കൺസ്ട്രക്ഷൻ കോർപ്പറേഷന്റെ അഭിമുഖ്യത്തിൽ 7-9-2007-ലെ ജി.ഒ.(പി) നമ്പർ 408/2007/ഫിൻ. പ്രകാരമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ചാണ് ചെയ്യുന്നത്. വർക്ക് ടെണ്ടർ ചെയ്യാത്തപക്ഷം എസ്റ്റിമേറ്റ് നിരക്കിലും കോൺട്രാക്ടേഴ്സ് പ്രോഫിറ്റ് ഒഴിവാക്കിയുമാണ് പ്രവൃത്തി ചെയ്യുന്നത്.

റോഡ് നിർമ്മാണത്തിന് പുതിയ സ്ഥാപനം

257 (1291) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റോഡ് നിർമ്മാണരംഗത്ത് നിലവിലുള്ള സ്ഥാപനങ്ങളെയെല്ലാം മാറ്റിനിർത്തി പുതിയതായി ഒരു സ്ഥാപനം രൂപീകരിക്കാൻ കെ.എസ്.ടി.പി. തീരുമാനിച്ചിട്ടുണ്ടോ ;

(ബി) റോഡുകളുടെ നവീകരണത്തിനും മാർഗ്ഗരേഖ തയ്യാറാക്കുന്നതിനും നിലവിലുള്ള സ്ഥാപനങ്ങൾ ഏതൊക്കെയാണ് ; പ്രസ്തുത സ്ഥാപനങ്ങൾ എല്ലാം ഉണ്ടായിരിക്കെ ഭാരിച്ച ചെലവ് പ്രതീക്ഷിക്കാവുന്ന പുതിയ സംവിധാനംതന്നെ വേണമെന്ന് നിഷ്കർഷിക്കാൻ കാരണമെന്തായിരുന്നു ;

(സി) പുതിയ സ്ഥാപനത്തിന്റെ ഘടനയും പ്രവർത്തനവും വിശദമാക്കുമോ ; ഏതെല്ലാം തസ്തികകളിൽ എത്രയാളുകൾ പ്രസ്തുത സ്ഥാപനത്തിന്റെ പ്രവർത്തനത്തിനാവശ്യമാണ് ?

ഉത്തരം

(എ) ഇല്ല.

(ബി&സി) കേരള സ്റ്റേറ്റ് ട്രാൻസ്പോർട്ട് പ്രോജക്ട് (KSTP), റോഡ്സ് ആന്റ് ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ഓഫ് കേരള ലിമിറ്റഡ് (RBDCK), റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി ഓഫ് കേരള ലിമിറ്റഡ് (RICK) എന്നീ സ്ഥാപനങ്ങളാണ് റോഡ് വികസനത്തിനും മാർഗ്ഗരേഖ തയ്യാറാക്കുന്നതിനും ഉദ്ദേശിച്ച് പൊതുമരാമത്ത് വകുപ്പിന്റെ കീഴിൽ നിലവിലുള്ള സ്ഥാപനങ്ങൾ. എന്നാൽ നിലവിലുള്ള റോഡ് നിർമ്മാണം, നവീകരണ, പരിപാലന സംവിധാനങ്ങൾക്കുപുറമെ 2009-ലെ കരട് റോഡ് വികസന നയത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ ഫണ്ടിനു പുറമെ മറ്റ് ധനാഗമ മാർഗ്ഗങ്ങളിലൂടെ പ്രസ്തുത പ്രവൃത്തികൾ നടപ്പാക്കുന്നതിനെക്കുറിച്ച് പഠനം നടത്തുക എന്ന ഉദ്ദേശ്യത്തോടെ ഒരു സ്ട്രാറ്റജിക് റോഡു നെറ്റ്വർക്ക് പ്രോഗ്രാം നടത്താൻ കെ.എസ്.ടി.പി. രണ്ട് പദ്ധതിയിൽ വിഭാവന ചെയ്തിട്ടുണ്ട്. ഇതിനുള്ള പ്രാരംഭ നടപടികൾ നടന്നുവരുന്നതേയുള്ളൂ.

മലയോര ഹൈവേ

258 (1292) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2012-13-ലെ ബജറ്റിൽ പ്രഖ്യാപിച്ച മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ ആയത് ഇപ്പോൾ ഏത് ഘട്ടത്തിലാണ് ;

(ബി) ഇതിനായി ബജറ്റിൽ പ്രഖ്യാപിച്ച തുക എത്രയായിരുന്നു ; ഇതിനകം എത്ര തുക ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മലയോര ഹൈവേയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. പ്രവൃത്തികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly